DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

10-05-2021

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയും കണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെ വളർത്തുമൃഗങ്ങളുടെയും മൃഗചികിത്സാ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സാ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പിൽ ടെലിവെറ്ററിനറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ ഒരുകാൾസെന്റർ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെ കാൾസെന്ററിലെ ഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, കൊല്ലം -0474-2795076, പത്തനംതിട്ട - 0468-2270908, ആലപ്പുഴ - 0477-2252635, കോട്ടയം - 0481 -2564623, ഇടുക്കി - 0486-2223878, എറണാകുളം -0484-2351264, തൃശ്ശൂർ - 0487-2440232, പാലക്കാട് - 9447303310, മലപ്പുറം - 0483- 2734815, കോഴിക്കോട് -0495-2368349, വയനാട് -04936 -202729, കണ്ണൂർ - 0497- 2700184, കാസർഗോഡ് - 04994-224624

## ആനയറഅറിയിപ്പ്

തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കാർഷിക നഗരമൊത്ത വ്യാപാര വിപണിയിൽ കർഷകർ ഉത്പാദിപ്പിച്ച പച്ചക്കറികൾ ചൊവ്വ, വ്യാഴം, ഞായർ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2 മണിമുതൽ ന്യായവിലക്ക് വാങ്ങാവുന്നതാണ്. ഇടനിലക്കാർ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള പച്ചക്കറികൾ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470310 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കേരളകാർഷികസർവ്വകലാശാലയുടെമണ്ണുത്തിയിലുളളകാർഷികസാങ്കേതികവിജ്ഞാന കേന്ദ്രത്തിൽവള്ളിപ്പയർ ഇനങ്ങളായലോല, വൈജയന്തി, കെ.എ.യു. ദീപികഎന്നിവയും അനശ്വര ഇനത്തിൽപ്പെട്ട കുറ്റിപ്പയർവിത്തുകളുംമോഹിത് നഗർ, മംഗളഎന്നീ ഇനങ്ങളിൽപ്പെട്ട കവുങ്ങിന്റെ നടീൽവസ്തുക്കളുംവിൽപ്പനയ്ക്ക്ലഭ്യമാണ്.

## കാർഷിക നിർദ്ദേശങ്ങൾ

വെള്ളരിവർഗ്ഗ വിളകളിൽ ബാക്റ്റീരിയൽ വിൽറ്റ് രോഗം കണ്ടുവരുന്നുണ്ട്. ഇതുതടയുന്നതിനായിരോഗം പരത്തുന്ന കീടങ്ങൾക്കെതിരെതടത്തിൽ വേപ്പിൻ പിണ്ണാക്ക്ചേർത്ത്കൊടുക്കുക. കൂടാതെ 20 ഗ്രാം പച്ചചാണകംഒരുലിറ്റർവെള്ളത്തിൽ എന്ന തോതിൽകലക്കിതെളിയെടുത്തുതളിച്ചുകൊടുക്കുക. രോഗംമൂർച്ഛിക്കുന്ന അവസ്ഥയിൽസ്ട്രെപ്റ്റോസൈക്ലിൻ 3 ഗ്രാം 10 ലിറ്റർ എന്ന തോതിൽതളിച്ച്കൊടുക്കാവുന്നതാണ്.

## അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം എന്നിവയിലേക്കായി അപേക്ഷ ക്ഷണിക്കുന്നു.

കാർഷിക മേഖലയിലെ വ്യവസായങ്ങളെ ഉന്നമനത്തിലേക്ക് നയിക്കുന്നതിനും നവസംരംഭകരേ പ്രോത്സാഹിപ്പിക്കുന്നതിനും, നൂതന ആശയങ്ങളെ സംരംഭമായി വളർത്തിയെടുക്കുന്നതിനുള്ള സാങ്കേതിക-വിദഗ്ദ്ധ സഹായങ്ങൾ-സാമ്പത്തിക നൽകുന്നതിനുമായി കേരള കാർഷിക സർവ്വകലാശാലയിൽ 2018-19 മുതൽ കെയു.എ. റാഫ്ത്താർ അഗ്രിബിസിനസ് ഇൻക്യൂബേറ്റർ പ്രവർത്തിച്ചുവരുന്നുയു.എ.കെ . റെയ്സ്, കെ.എപെയ്സ് എന്നിങ്ങനെ .യു. രണ്ടു രണ്ടിന പ്രോഗ്രാമുകളിലായി ഈ വർഷത്തിനകം എൺപതോളം നവസംരംഭകരേ കെയു റാഫ്ത്താർ അഗ്രിബിസിനസ്.എ. ഇൻക്യൂബേറ്റർ പ്രാപ്തരാക്കി കഴിഞ്ഞുയു റാഫ്ത്താർ അഗ്രിബിസിനസ്.എ.കെ . ഇൻക്യൂബേറ്ററിന്റെ ഈ സാമ്പത്തിക വർഷത്തിലെ )2012-22) അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം, സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാം എന്നിവയിലേക്കായി ഇപ്പോൾ അപേക്ഷിക്കാം

അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം കെ എ യു റെയ്സ്-2021 (രണ്ടു മാസത്തെ പരിശീലന പരിപാടി +5 ലക്ഷം രൂപ വരെ ധനസഹായം(

സ്റ്റാർട്ട് അപ്പ് ഇന്ക്യൂബേഷൻ പ്രോഗ്രാംകെ എ യു പെ-യ്സ് 2021 (രണ്ടുമാസത്തെ പരിശീലന പരിപാടി +25 ലക്ഷം രൂപ വരെ ധനസഹായം (

കൂടുതൽ വിവരങ്ങൾക്ക് www.kau.in/rabi.kau.in എന്ന വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 31 വൈകുന്നേരം 4 മണി.**

## അറിയിപ്പ്

കേരളത്തിൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്. പി. ഒ.കൾ അഥവാ കർഷക ഉൽപ്പാദക സംഘടനകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഇപ്പോൾ നടന്നുവരികയാണ്. ഇതിനോടനുബന്ധിച്ച് ചില ജില്ലകളിൽ  അനധികൃതമായി പണപ്പിരിവ് നടത്തുന്നതിനു വേണ്ടിയുള്ള വാർത്തകൾ സോഷ്യൽ മീഡിയ വഴി പ്രചരിക്കുന്നു. ഇത്തരം പണപ്പിരിവ് നിവമവിരുദ്ധവും ശിക്ഷാർഹവുമാണ്. എഫ്. പി. ഒ രൂപീകരണത്തിനായി യാതൊരു പണപ്പിരിവും നടത്തേണ്ട കാര്യമില്ലെന്ന് പദ്ധതി നിർവ്വഹണം നടത്തുന്ന എസ്. എഫ്. എ.സിയുടെ ഉദ്യോസഥർ അറിയിച്ചു. ആയതിനാൽ ഇത്തരം തെറ്റായ പ്രചരണങ്ങളെ തിരിച്ചറിഞ്ഞ് വഞ്ചിതരാകാതിരിക്കണമെന്ന് എസ്.എഫ്.എ.സിയുടെ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയുന്നതിന് 1800-425-1661 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കൃഷി സംബന്ധമായ അറിവുകൾക്കും സംശയ നിവാരണത്തിനുമായി കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, “കാർഷികവിവരസങ്കേതം” കോൾസെന്ററിലേയ്ക്ക് കർഷകർക്ക് രാവിലെ 8 മുതൽ രാത്രി 8 മണിവരെയുള്ള സമയത്ത `1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ ബന്ധപ്പെടാവുന്നതാണ്. കൂടാതെ 9447051661 എന്ന വാട്സ്ആപ്പ്

നമ്പറിലൂടെ രോഗകീട ആക്രമണ ലക്ഷണങ്ങളുടെ ചിത്രങ്ങളും സന്ദേശങ്ങളും അയച്ചും സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.

## അറിയിപ്പ്

തിരുവനന്തപുരംകുടപ്പനക്കുന്ന്, പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും പൂവൻ കോഴിക്കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമാണ്. കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ള ഉപഭോക്താക്കൾ 0471- 2730804 എന്ന ഫോൺ നമ്പരിൽ കോഴിവളർത്തൽ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന്, പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## പൈനാപ്പിൾതൈകൾലഭ്യമാണ്

വാഴക്കുളം പൈനാപ്പിൾ ഗവേഷണകേന്ദ്രത്തിൽ നിന്നും MD-2 ഇനം പൈനാപ്പിൾ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വില 20 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0485-2260832 എന്ന നമ്പരിൽ ബന്ധപ്പെടുക. കൂടാതെ പാഷൻഫ്രൂട്ടിന്റെ മഞ്ഞ, പർപ്പിൾ തൈകളും 20 രൂപ നിരക്കിൽ ലഭ്യമാണ്.